بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 30.05.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***30.05.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം***

# ഡോക്ടർ 'മഹ്ദീ അലീ ബശീറുദ്ദീൻ ഖമർ' ശഹീദ്

*തശഹ്ഹുദും തഅവ്വുദും തസ്മിയയും സൂറഫാതിഹ തിലാവത്തിനും ശേഷം സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ-ഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:*

അഹ്മദിയ്യ ജമാഅത്തിനെ ഒറ്റയിൽ കൊരുത്തിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ ഒരു ഉപകാരമാണ്. വളരെ വലിയ ഉപകാരമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ശേഷം നടന്നു വരുന്ന വ്യവസ്ഥിതി ഖിലാഫത്താണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)അൽവസിയ്യത്ത് എന്ന ചെറുപുസ്തകത്തിൽ വിവരിച്ചതുപോലെ അദ്ദേഹത്തിന്റെ വേർപാടിനുശേഷം ജമാഅത്തംഗങ്ങൾ പൂർണ അനുസരണത്തോടു കൂടി ഖിലാഫത്ത് വ്യവസ്ഥിതിയെ സ്വീകരിച്ചുവെന്നതിന് അഹ്മദിയ്യ ജമാഅത്തിന്റെ കഴിഞ്ഞ 107 വർഷം സാക്ഷിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദവിയേയും സ്ഥാനത്തേയും മനസ്സിലാക്കുന്ന ജമാഅത്ത്, എന്തായാലും ഖിലാഫത്തുമായി ചേർന്നിരിക്കുന്നതു തന്നെയാണ് യഥാർഥ കാര്യമെന്നും നല്ലവണ്ണം അറിയുന്നു. ജമാഅത്തിന്റെ ഐക്യം ഇതിലാണ്. ഇതിലൂടെയാണ് ജമാഅത്തിന്റെ അഭിവൃദ്ധിയും. ഇതു മുഖേനയാണ് അഹ്മദിയ്യ വിരോധികൾക്കും ഇസ്‌ലാമിന്റെ മേൽ നടക്കുന്ന ആക്രമണങ്ങൾക്കും മറുപടി നല്കാനുള്ള ശക്തി നമ്മളിൽ ഉണ്ടായിട്ടുള്ളത്. പ്രാർഥനകളിലേക്ക് നമ്മുടെ ശ്രദ്ധയുണ്ടാകും. തൗഹീദിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധയുണ്ടാകും. അങ്ങനെ വരുമ്പോൾ നമ്മളിൽ ഓരോരുത്തരും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്തിട്ടുള്ള അനുഗ്രഹവാഗ്ദാനങ്ങളുടെ അനന്തരാവകാശികളായിട്ടുതീരും. എല്ലാ പ്രയാസങ്ങളുടേയും എല്ലാ ബുദ്ധിമുട്ടുകളുടേയും നേരത്ത് നമ്മൾ അല്ലാഹുവിന്റെ മുമ്പിൽ കുനിയേണ്ടതാണെന്ന്, കഴിഞ്ഞ ഖുത്ബയിലും ഞാൻ പറഞ്ഞിരുന്നു. ഭൗതികരീതിയിലുള്ള പ്രതിഷേധപ്രകടനങ്ങളുമായി നമുക്ക് ബന്ധമൊന്നുമില്ല. ഖിലാഫത്തുമായി ബന്ധപ്പെട്ടിരുന്നുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നതിനും പ്രയാസങ്ങളിൽ നിന്ന് മോചനം നേടുന്നതിനും സമാധാനത്തിലേക്ക് വരുന്നവർക്കും വേണ്ടി ഞാൻ പറഞ്ഞതുപോലെ ദുആ ചെയ്യാനും ആരാധനാകർമങ്ങളനുഷ്ഠിക്കാനും അല്ലാഹു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇതാണ് നമ്മുടെ യഥാർഥ ആയുധം. ഇതിനെ സമ്പൂർണമായ നിലയിലും സ്ഥൈര്യത്തോടെയും നമുക്ക് ആശ്രയിക്കാവുന്നതാണ്. പ്രാർഥനകളുടെ ആയുധങ്ങളെ ഉപേക്ഷിച്ചുകൊണ്ട് നാം ചെറിയതും താൽക്കാലികവുമായ ആയുധങ്ങളിലേക്ക് നോക്കുകയാണെങ്കിൽ നമുക്ക് വിജയം ലഭിക്കുകയില്ല. ചെറിയ ആയുധങ്ങൾ കൊണ്ട് ആർക്കും ഇതുവരെ വിജയം ലഭിച്ചിട്ടില്ല. ലഭിക്കാറുമില്ല. അമ്പിയാക്കന്മാരുടെ ചരിത്രത്തിൽ വിജയം ലഭിച്ചിട്ടുള്ളത് ഈ പ്രാർഥനകളിലൂടെ മാത്രമാണെന്ന് നമുക്ക് കാണാൻ കഴിയുന്നു. പ്രത്യേകിച്ചും നാം ഇസ്‌ലാമിന്റെ ചരിത്രം നോക്കുമ്പോൾ, നബി(സ)തിരുമേനിയുടേയും ഖിലാഫത്തെ റാശിദായുടേയും ചരിത്രം നോക്കുമ്പോൾ ഭൗതികശക്തി കൊണ്ടല്ല അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കൊണ്ടാണ് വിജയം ലഭിച്ചതെന്ന് കാണാം. അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ചാണ് വിജയങ്ങൾ ലഭിച്ചത്. പക്ഷേ, എല്ലാ വിധ വാഗ്ദാനങ്ങളും ഉണ്ടായിട്ടും ഈ വിജയങ്ങൾ കരസ്ഥമാക്കുന്നതിനു വേണ്ടി ജീവൻ ബലിയർപിക്കേണ്ടിവന്നുവെന്നത് നാം വിസ്മരിച്ചു കൂട. ആരാധനകളുടെ നിലവാരവും ഉയർത്തേണ്ടിവന്നു. അല്ലാഹു ഇക്കാര്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു, فَصَلِّ لِرَبِّكَ وَانۡحَرۡ (108:3) അതുകൊണ്ട് നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ബലികളർപിക്കുകയും ചെയ്യുക. പിന്നീട് ഈ ആരാധനയും ബലികളും, നിങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാക്കും. ദീർഘകാലത്തെ പ്രയാസങ്ങളും ഞെരുക്കങ്ങളും പരീക്ഷണങ്ങളും മനുഷ്യനെ അസ്വസ്ഥനാക്കുകയെന്നത് സ്വാഭാവികമാണെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. അത്തരം അവസ്ഥകളിൽ ദൈവദൂതനും സത്യവിശ്വാസികളും പോലും **മത്താ നസ്റുല്ലാഹ്**-അല്ലാഹുവിന്റെ സഹായം എപ്പോഴാണുണ്ടാകുക എന്ന് നിലവിളിച്ചുകൊണ്ട് ചോദിക്കും. അസ്വസ്ഥമായിക്കൊണ്ട് അവരുടെ ഹൃദയങ്ങളിൽ നിന്നുയരുന്ന ശബ്ദമാണിത്. നിരാശ കൊണ്ടല്ല. എന്നല്ല അല്ലാഹുവിന്റെ കാരുണ്യത്തെ ഉത്സാഹിപ്പിക്കുന്നതിനും അവന്റെ അനുഗ്രഹത്തെ കരസ്ഥമാക്കുന്നതിനും സമ്പൂർണമായ നിലയിൽ അല്ലാഹുവിന്റെ മടിയിൽ തന്നെ കൊണ്ടിടുന്നതിനും പ്രാർഥനകളെ അതിന്റെ പാരമ്യതയിലെത്തിച്ച്, ത്യാഗങ്ങളുടെ നിലവാരം സ്ഥാപിച്ചു കൊണ്ട് ഈ ശബ്ദം ഉയർത്തുകയാണ്. അപ്പോൾ അല്ലാഹുവിൽ നിന്ന് മറുപടിയുണ്ടാകുന്നു اَلَاۤ اِنَّ نَصۡرَ اللّٰہِ قَرِیۡبٌ (2:215) കേട്ടു

കൊള്ളുവിൻ! തീർച്ചയായും അല്ലാഹുവിന്റെ സഹായം അടുത്തെത്തിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും അല്ലാഹു പറഞ്ഞത് ഇതുതന്നെയാണ്. വിവിധ സന്ദർഭങ്ങളിൽ ആ മഹാത്മാവ് അല്ലാഹുവിന്റെ സാഹായത്തിന്റെ അടുത്തെത്തിയിരിക്കുന്ന ദൃശ്യങ്ങൾ കാണുകയുണ്ടായി. ആ മഹാത്മാവിനോടും വെളിപാടിലൂടെ പറയപ്പെട്ടത് ഇതുതന്നെയാണ്. പിന്നീട് പ്രാവർത്തികമായി കാണുകയും ചെയ്തു. നമ്മളും വിവിധ സന്ദർഭങ്ങളിൽ ഈ ദൃശ്യങ്ങൾ കണ്ടിട്ടുള്ളതാണ്. കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. اِنۡ شَآءَ اللّٰهُ ഇനിയും കണ്ടുകൊണ്ടിരിക്കും.

അല്ലാഹു പറയുന്നു:

اَمَّنۡ يُّجِيۡبُ الۡمُضۡطَرَّ اِذَا دَعَاهُ وَيَكۡشِفُ السُّوۡٓءَ وَيَجۡعَلُكُمۡ

خُلَفَآءَ الۡاَرۡضِ ؕ ءَاِلٰـهٌ مَّعَ اللّٰهِ ؕ قَلِيۡلًا مَّا تَذَكَّرُوۡنَ ؕ (27:63)

'പറയുക. വിഷമത്തിൽ അകപ്പെട്ട ഒരു നിസ്സഹായകന്റെ കാര്യം കേൾക്കുന്നവൻ ആരാണ്? അവൻ തന്റെ രക്ഷിതാവിനോട് പ്രാർഥിക്കുകയും അവന്റെ വിഷമങ്ങൾ അകറ്റുകയും, ഒരു ദിവസം നിങ്ങളെ മുഴുവൻ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുമ്പോൾ. ആ സർവശക്തനായ അല്ലാഹുവിനു പുറമെ മറ്റു വല്ല ദൈവവുമുണ്ടോ? നിങ്ങൾ ഒട്ടും ഉപദേശം കരസ്ഥമാക്കുന്നില്ല.' ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതു സംബന്ധമായി പറയുന്നു: 'ഓർമിക്കുക, അല്ലാഹു വലിയ സ്വതന്ത്രനാണ്. അധികമധികമായും ആവർത്തിച്ചാവർത്തിച്ചും ഹൃദയമലിഞ്ഞ് പ്രാർഥിക്കാത്തിടത്തോളം അവൻ ഗൗനിക്കുകയില്ല. നോക്കുക! ആരുടെയെങ്കിലും ഭാര്യ അല്ലെങ്കിൽ മകൻ രോഗിയായാൽ അല്ലെങ്കിൽ ഊരാൻ പറ്റാത്ത ഏതെങ്കിലും കേസിൽ കുടുങ്ങിയാൽ എത്ര മാത്രം അസ്വസ്ഥതയാണ് അയാൾക്കുണ്ടാകുന്നത്. സത്യമായ തിളപ്പും അസ്വസ്ഥതയുടെ അവസ്ഥയും പ്രാർഥനയിലും ഉണ്ടാകാത്തിടത്തോളം അത് നിഷ്ഫലവും നിരർഥവുമായ പ്രവർത്തിയാണ്. ദുആ സ്വീകരിക്കപ്പെടാൻ അസ്വസ്ഥതയുണ്ടാകണമെന്നത് നിബന്ധനയാണ്. **അമ്മയ്യുജീബുൽമുള്ത്വർറ ഇദാ ദആഹു വ യക്ശിഫ്ഫുസ്സൂഅ** എന്ന് പറഞ്ഞതുപോലെതന്നെ.

അതുകൊണ്ട് നമുക്ക് നമ്മുടെ ആരാധനകളിലും ദുആകളിലും മുമ്പത്തെക്കാൾ കൂടുതൽ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. അസ്വസ്ഥത ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ കാരുണ്യത്തെ ഉത്സാഹിപ്പിക്കേണ്ട ആവശ്യമുണ്ട്. ഇപ്പോൾ ചില ദുആകളിലേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്. അത് മുമ്പേയും ശതവാർഷിക ജൂബിലിയ്ക്കു വേണ്ടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് റഹ്മഹുല്ലാഹ് പറഞ്ഞിരുന്നതാണ്. പിന്നീട് ഖിലാഫത്ത് ജൂബിലിയ്ക്കു വേണ്ടി ഞാനും പറഞ്ഞിരുന്നു. അവ മറക്കാൻ പാടില്ല. കുറവു വരുത്താനും പാടില്ല. അതെപ്പോഴും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. സ്ഥിരമായി നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ടതാണ്. പിന്നീടു നമ്മുടെ നമസ്കാരങ്ങളെ, നമ്മുടെ ആരാധനകളെ ഭംഗിയായി അനുഷ്ഠിക്കാൻ, അതിന്റെ കടമകൾ നിറവേറ്റിക്കൊണ്ട് അനുഷ്ഠിക്കാൻ ശ്രമിക്കേണ്ടതാണ്. അപ്പോഴാണ് ദുആകളുടേയും കടമ നിറവേറ്റാൻ സാധിക്കുന്നത്.

ഓർമിപ്പിക്കുക എന്ന നിലയിൽ പറയുകയാണ്. അവയിൽ ആദ്യത്തേത് സൂറ ഫാതിഹയാണ്. അത് ഒരുപാടൊരുപാട് ഓതേണ്ടതാണ്. നമസ്കാരത്തിൽ ചൊല്ലാറുള്ള സ്വലാത്ത്. അത് കൂടുതൽ കൂടുതൽ ആവർത്തിച്ചുക്കൊണ്ടിരിക്കണം. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഇൽഹാമിലൂടെ അല്ലാഹു പഠിപ്പിച്ച ദുആകളാണ്. **സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സ്വല്ലി ആലാ മുഹമ്മദിൻ വ ആലി മുഹമ്മദ്** ഇത് അധികമായിട്ട് ചൊല്ലുക. ഒരു ഹദീസിൽ വന്നിരിക്കുന്നു, ഹദ്റത്ത് അബൂ ഹുറയ്റ(റ)നിവേദനം: നബി(സ)തിരുമേനി പറഞ്ഞു, 'നാവുകൊണ്ട് ഉച്ചരിക്കാൻ പ്രയാസം കുറഞ്ഞതും ത്രാസിൽ ഘനം കൂടിയതും റഹ്മാനായ അല്ലാഹുവിന് വളരെ ഇഷ്ടപ്പെട്ടതുമായ രണ്ടു വചനമുണ്ട്. അത് **സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം** എന്നതാകുന്നു. (അല്ലാഹുവിന്റെ പരിശുദ്ധതയേയും അവന്റെ മഹത്വത്തേയും ഞാൻ പ്രകീർത്തനം ചെയ്തുകൊള്ളുന്നു. മഹാനായ അല്ലാഹു പരിശുദ്ധനാകുന്നു) നബി(സ)തിരുമേനി പറഞ്ഞു, ഇത് റഹ്മാനായ അല്ലാഹുവിന് വളരെ ഇഷ്ടപ്പെട്ടതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ കാരുണ്യത്തെ ഉത്സാഹിപ്പിക്കുന്നതിനുവേണ്ടി ഈ ദുആയും വളരെ അത്യാവശ്യമാണ്.

പിന്നീടു പറഞ്ഞ ദുആ ഇതായിരുന്നു. ഇതിപ്പോഴും ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്.

رَبَّنَا لَا تُزِغۡ قُلُوۡبَنَا بَعۡدَ اِذۡ هَدَيۡتَنَا وَهَبۡ لَنَا مِنۡ لَّدُنۡكَ

رَحۡمَةً ۚ اِنَّكَ اَنۡتَ الۡوَهَّابُ ۝ (3:9)

ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചു കളയരുതേ. നീ ഞങ്ങൾക്ക് നിന്റെ അടുക്കൽനിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്.

ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വേർപാടിനുശേഷം സ്വപ്നം കണ്ടിരുന്നു. അപ്പോൾ **റബ്ബനാ ലാ തുസിഗ് ഖുലൂബനാ** എന്ന ദുആ അധികമായി ചൊല്ലാൻ ആ മഹാത്മാവ് താക്കീതു ചെയ്ത് പറയുകയുണ്ടായി. ഹദ്റത്ത് മുബാറക്ക ബീഗം സാഹിബ ഈ സ്വപ്നം ഹദ്റത്ത് ഖലീഫ ഔവ്വൽ(റ)നെ കേൾപ്പിച്ചപ്പോൾ ആ മഹാത്മാവ് പറഞ്ഞു, "ഇനി ഒരിക്കലും ഞാൻ അത് ചൊല്ലാതിരിക്കുകയില്ല. അധികമായിട്ട് അത് ചൊല്ലുന്നതാണ്.' ഇങ്ങനേയും പറഞ്ഞു,'വിശ്വാസത്തിന്റെ ദൃഢതയ്ക്കുവേണ്ടി ഇതിൽ ദുആ ഉള്ളതുപോലെതന്നെ ഈ ദുആ ഖിലാഫത്തിന്റെ പാരമ്പര്യവുമായി ചേർന്നിരിക്കുന്നതിനുള്ള വളരെ വലിയ ദുആയുംകൂടിയാണ്.'

പിന്നീട് ഒരു ദുആ പറഞ്ഞിരുന്നു, ഇതിലും വളരെയേറെ ശ്രദ്ധ ചെലുത്തേണ്ട ആവശ്യം ഇന്നുണ്ട്.

رَبَّنَاۤ اَفۡرِغۡ عَلَيۡنَا صَبۡرًا وَّ ثَبِّتۡ اَقۡدَامَنَا

وَانۡصُرۡنَا عَلَى الۡقَوۡمِ الۡكٰفِرِيۡنَ ۝ (2:251)

ഞങ്ങളുടെ നാഥാ! ഞങ്ങൾക്കു നീ സഹനശക്തി ചൊരിഞ്ഞു തരികയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തുകയും അവിശ്വാസികൾക്കെതിരായി ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ.

പിന്നീടുള്ള ദുആയാണ്, **അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദുബിക്ക മിൻ ശുറൂരിഹിം** . ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനി ഏതെങ്കിലും ജനതയിൽ നിന്ന് എന്തെങ്കിലും അപായമുണ്ടെന്ന് കണ്ടാൽ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു **അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദുബിക്ക മിൻ ശുറൂരിഹിം** . അല്ലാഹുവേ! അവരുടെ ജീവിതപരമ്പര മുറിഞ്ഞുപോകുകയും ഞങ്ങൾ അവരുടെ ദോഷപ്രവർത്തനങ്ങളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യും വിധം നീ തന്നെ അവരുടെ മേൽ ആക്രമണം നടത്തിയാലും. ഈ ദ്രോഹികളുടേയും കുഴപ്പങ്ങൾ ഉണ്ടാക്കുന്നവരുടേയും അക്രമികളുടേയും ശക്തിയെ ഉടയ്ക്കുന്നവൻ നീ മാത്രമാണ്. അതുകൊണ്ട് അവരെ നശിപ്പിക്കുകയും ഞങ്ങളെ അവരുടെ ദ്രോഹങ്ങളിൽ നിന്ന് നിന്റെ അഭയത്തിലെടുക്കുകയും ചെയ്താലും.

**അസ്തഗ്ഫിറുല്ലാഹ റബ്ബീ മിൻകുല്ലി ദമ്പിൻ വ അതൂബു ഇലയ്ഹി** എന്ന ദുആ. ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറഞ്ഞ **റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസുർനീ വർഹംനീ** എന്ന ദുആ ധാരാളമായി ചൊല്ലിക്കൊണ്ടിരിക്കുക. പന്നീട് ഈ ദുആയും അതിൽ ഉൾപ്പെടുത്തുക

رَبَّنَا اغْفِرْ لَنَا ذُنُوْبَنَا وَ اِسْرَافَنَا فِيْٓ اَمْرِنَا وَثَبِّتْ اَقْدَامَنَا وَ انْصُرْنَا عَلَى الْقَوْمِ الْكٰفِرِيْنَ ﴿۱۴۸﴾ (3:148)

ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്കു പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.

ഇതിനു പുറമെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാമുണ്ടായ ഒരു ദുആയുണ്ട്. അത് ചൊല്ലേണ്ടത് വളരെ അത്യാവശ്യമാണ്. ശത്രു ഇപ്പോൾ അവരുടെ ഉച്ചിയിലെത്തിയിരിക്കുകയാണ്. നമ്മളും ദുആ ചെയ്യേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എന്റെ ജമാഅത്തിനും പിന്നീട് ഖാദിയാനും വേണ്ടി ദുആ ചെയ്യുകയായിരുന്നു. അപ്പോൾ ഇൽഹാമുണ്ടായി, ജീവിതത്തിന്റെ ഫാഷനിലൂടെ ദൂരെപ്പോയി കിടക്കുകയാണ്. **ഫസഹ്ഹിഖ്ഹും തസ്ഹീഖാ** അവരെ പൊടിപൊടിയാക്കിയാലും. നല്ലവണ്ണം പൊടിപൊടിയാക്കിയാലും. പറഞ്ഞു, ഈ പൊടിപൊടിയാക്കുന്നതിനെ ഞാനുമായി ബന്ധപ്പെടുത്തിയതെന്തിനെന്ന് എന്റെ മനസ്സിൽ തോന്നിച്ചു. ഇത്രയുമായപ്പോൾ ഒരു വർഷമായി ബയ്ത്തുദ്ദുആയിൽ എഴുതിയിട്ടുള്ള ദുആയിൽ എന്റെ ദൃഷ്ടി പതിഞ്ഞു. ആ ദുആ ഇതാണ്: **യാ റബ്ബി ഫസ്മഅ് ദുആഈ വ മസ്സിഖ് അഅ്ദാഅക്ക വഅഅ്ദാഈ വ അൻജിസ് വഅദക്ക വൻസുർ അബ്ദക്ക വ അറിനാ അയ്യാമക്ക വ ശഹ്ഹിർലനാ ഹുസാമക്ക വലാ തദർ മിനൽ കാഫിരീന ശരീറാ** എന്റെ റബ്ബേ! നീ എന്റെ പ്രാർഥന കേട്ടാലും. നിന്റെ ശത്രവിനേയും എന്റെ ശത്രുവിനേയും തുണ്ടംതുണ്ടമാക്കിയാലും. നിന്റെ വാഗ്ദാനം പൂർത്തിയാക്കിയാലും. നിന്റെ ദാസനെ സഹായിച്ചാലും. ഞങ്ങളെ നിന്റെ ദിനങ്ങൾ കാണിച്ചാലും. ഞങ്ങൾക്കുവേണ്ടി നിന്റെ വാൾ കൈയിലെടുത്താലും. നിഷേധികളിൽനിന്ന് ഒരു ദ്രോഹിയേയും നീ ബാക്കി വെച്ചേക്കരുതേ. ഈ ദുആകളിലേക്ക് അധികം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.

ഇനി ഞാൻ ഇന്ന് ചൗദ്ദരീ ഫർസന്ദ് അലി സാഹിബിന്റെ മകൻ നമ്മുടെ അങ്ങേയറ്റം പ്രിയപ്പെട്ട, ആത്മാർഥതയുള്ള, ജനങ്ങളുടെ ഉപകാരിയായ, നിരവധി സൽഗുണങ്ങളുടെ ഉടമയായ ഡോക്ടർ മഹ്ദി അലിയെ സ്മരിക്കുന്നതാണ്. അദ്ദേഹം മെയ് 26-ാം തിയതി റബ്വയിൽ ശഹീദാക്കപ്പെട്ടു. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ .സംഭവം ഇങ്ങനെയാണ്: രാവിലെ ഏകദേശം അഞ്ചുമണിയ്ക്ക് അദ്ദേഹം ബിഹിശ്തി മഖ്ബറയിലേക്ക് പോകുമ്പോൾ ദാറുൽഫള്ലിന് അടുത്ത് വെച്ച് മോട്ടോർ സൈക്കിളിൽ വന്ന അജ്ഞാതരായ രണ്ടുപേർ വെടിവെച്ച് അദ്ദേഹത്തെ ശഹീദാക്കുകയായിരുന്നു. പതിനൊന്ന് വെടിയുണ്ടകളേറ്റ അദ്ദേഹം സംഭവസ്ഥലത്തുതന്നെ ശഹീദായി. ഡോക്ടർ സാഹിബിന്റെ കുടുംബത്തിന്റെ ബന്ധം ഫയ്സലബാദ് ജില്ലയിലെ ഗോഘവാലുമായിട്ടാണ്. അവരുടെ കുടുബത്തിൽ അഹ്മദിയ്യത്ത് ബീജവാപം ചെയ്യപ്പെട്ടത് അദ്ദേഹത്തിന്റെ പിതാവ് ചൗദ്ദരീ ഫർസന്ദ് അലി സാഹിബ് മുഖേനയായിരുന്നു. അദ്ദേഹം യുവത്വകാലത്തിന്റെ ആരംഭത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ കൈയിൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പങ്കാളിയായി. ചൗദരീ സാഹിബിന്റെ ബയ്അത്തിനു ശേഷം അദ്ദേഹത്തിന്റെ മൂത്താപ്പയും അദ്ദേഹത്തിന്റെ സഹോദരൻ ചൗദരീ അല്ലാഹ് ദത്താ സാഹിബും ബയ്അത്ത് ചെയ്തു. പിന്നീട് ഈ കുടുബം റബ്വയിലേക്ക് മാറി താമസിച്ചു. ഡോക്ടർ സാഹിബ് ശഹീദിന്റെ മാതാമഹൻ ബഹുമാന്യ മാസ്റ്റർ ളിയാവുദ്ദീൻ സാഹിബ് നഗരവാസികളിൽ ആദ്യ ത്തെ ശഹീദായിരുന്നു. അദ്ദേഹം 1974-ൽ സർഗോദസ്റ്റേഷനിൽ വെടിയേറ്റ് ശഹീദാകുകയായിരുന്നു. അക്കാലത്ത് മാസ്റ്റർ ളിയാവുദ്ദീൻ സാഹിബ് ദാറുൽ ബറക്കാത്ത് മഹല്ലിലെ പ്രസിഡന്റും തഅ്ലീമുൽ ഇസ്ലാം സ്കൂളിലെ അധ്യാപകനുമായിരുന്നു.

ഡോക്ടർ സാഹിബ് ശഹീദ് 1963 സെപ്റ്റംബർ 23 ന് റബ്വയിൽ ജനിച്ചു. ഡോക്ടർ സാഹിബിന്റെ ജനന ദിവസമാണ് 'ഖമറുൽ അമ്പിയാ' ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ന്റെ ദേഹവിയോഗമുണ്ടായത്. ഈ പൂരണത്തിന്റെ അടിസ്ഥാനത്തിൽ ഡോക്ടർ സാഹിബിന്റെ പിതാവ് അദ്ദേഹത്തിന്റെ പേരിനൊപ്പം 'ഖമർ' എന്ന് ചേർത്തു. പിന്നീട് ഡോക്ടർ സാഹിബിന്റെ മാതാമഹൻ ശഹീദ്, ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ പേരിന്റെ 'ബശീറുദ്ദീൻ'എന്ന ഭാഗവും അതിനോടൊപ്പം ചേർത്തു. അങ്ങനെ ഡോക്ടർ ശഹീദിന്റെ മുഴുവൻ പേര് 'മഹ്ദീ അലീ ബശീറുദ്ദീൻ ഖമർ'എന്നായിത്തീർന്നു. ഈ പേരാണ് എല്ലായിടത്തും എഴുതാറുള്ളത്. ഡോക്ടർ സാഹിബ് ശഹീദ് പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കിയത് തഅ്ലീമുൽ ഇസ്ലാം സ്കൂളിലും കോളേ

ജിലുമായിട്ടായിരുന്നു. അങ്ങേയറ്റം ബുദ്ധിമതികളും സമർഥരുമായ വിദ്യാർഥികളിൽ അദ്ദേഹം എണ്ണപ്പെടുന്നു. പിന്നീട് പഞ്ചാബിലെ ഫയ്സലാബാദ് മെഡിക്കൽ കോളേജിൽ മെഡിക്കൽ വിദ്യാഭ്യാസം ആരംഭിച്ചു. അവിടെത്തെ വിദ്യാഭ്യാസകാലത്ത് അഹ്മദിയ്യത്ത് കാരണത്താൽ വിദ്യാർഥികൾ അദ്ദേഹത്തെ എതിർത്തു. ഗ്രന്ഥങ്ങളും മറ്റു സാധനങ്ങളും കത്തിച്ചു. അക്കാരണത്താൽ അല്പകാലത്തേക്ക് റബ്വയിൽ തിരിച്ചു വന്നു. അവസ്ഥകൾ ഭേദപ്പെട്ടപ്പോൾ വീണ്ടും പോയി പഠനം തുടർന്നു. എം.ബി.ബി.എസ്സ് പരീക്ഷ പാസ്സായി. 1989-മുതൽ 91-വരെ റബ്വയിലെ ഫള്‌ലെ ഉമർ ആശുപത്രിയിൽ സേവനം ചെയ്തു. അതിനുശേഷം തന്റെ മാതാവിനോടൊപ്പം കാനഡയിൽ താമസമാക്കി. കാനഡയിൽ മെഡിക്കൽ പരീക്ഷകൾ പാസ്സായതിനു ശേഷം വീട്ടിൽ ജോലി ചെയ്തു. പിന്നീട് ന്യൂയോർക്കിലെ ബ്രോക്‌ലാൻഡ് യൂണിവേഴ്സിറ്റിയിലേക്ക് പോയി. അവിടെ കാർഡിയോളജിയിൽ സ്പെസിലൈസേഷൻ ചെയ്തു. വിദ്യാഭ്യാസം പൂർത്തിയാക്കി അമേരിക്കയിലെ 'കൊളംബസ് ഔഹായു' വിൽ ജോലി ചെയ്യാൻ തുടങ്ങി. അവിടെ പിന്നീട് സ്ഥിരതാമസമാക്കി. താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വന്നതിനുശേഷം ഞാൻ ഡോക്ടർമാരോട് പറഞ്ഞതനുസരിച്ച് ഇദ്ദേഹവും വഖ്ഫെ ആർസിയ്ക്കുവേണ്ടി വരാറുണ്ടായിരുന്നു. ഇതിനു മുമ്പേയും രണ്ടു പ്രാവശ്യം വന്നിരുന്നു. ഇപ്പോൾ മൂന്നാം തവണയാണ് വന്നത്. ജമാഅത്തുപരമായ നിലയിൽ വിവിധമേഖലകളിൽ അദ്ദേഹത്തിന് പ്രവർത്തിക്കാൻ സൗഭാഗ്യം ലഭിച്ചു. മൃദുസ്വഭാവത്തിന്റേയും രമ്യശീലത്തിന്റേയും സൗമ്യഭാവത്തിന്റേയും വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. എല്ലാവരുടേയും ദുഃഖങ്ങളിലും വിഷമങ്ങളിലും പങ്കാളിയാകുമായിരുന്നു. ആരോടും വഴക്കിടുകയോ കോപിക്കുകയോ ചെയ്തിരുന്നില്ല. ഡോക്ടർ സാഹിബിന്റെ ഭാര്യ പറഞ്ഞു, 'എന്നോടും അങ്ങേയറ്റം സൗമ്യമായിട്ടാണ് പെരുമാറിയിരുന്നത്. എല്ലാ തരത്തിലും സന്തോഷംനല്കുമായിരുന്നു. തെറ്റുകളെ എപ്പോഴും അവഗണിച്ചുകളയും. ഒരിക്കലും ഒരു വിഷമത്തിനുള്ള അവസരവും നല്കിയിരുന്നില്ല. കുട്ടികൾക്ക് വാത്സല്യനിധിയായ പിതാവായിരുന്നു. കുട്ടികളുടെ നല്ല ശിക്ഷണകാര്യത്തിൽ എപ്പോഴും ശ്രദ്ധിച്ചിരുന്നു. അങ്ങേയറ്റം വിനയാന്വിതനായിരുന്നു.' അവർ പറയുന്നു, 'എനിക്ക് ഏതെങ്കിലും കാര്യത്തിൽ ദേഷ്യം വന്നാൽ എപ്പോഴും പറയും, ദേഷ്യപെടാൻ പാടില്ല. വിനയവും എളിമയും ഒരുപാടായിരുന്നു. ഭാര്യാവീട്ടുകാരുടെ ബന്ധുക്കളേയും പ്രത്യേകം നോക്കിയിരുന്നു.' അദ്ദേഹത്തിന്റെ ഭാര്യാമാതാവ് പറഞ്ഞു: 'ഞാൻ അമേരിക്കയിൽ അഞ്ചു വർഷം അദ്ദേഹത്തിന്റെ അടുത്ത് താമസിച്ചു. ഒരിക്കലും ശബ്ദമുയർത്തി സംസാരിച്ചിട്ടില്ല. സ്വന്തം ഉമ്മയെപോലെ എന്നെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. അതിഥിസൽക്കാരം അദ്ദേഹത്തിന്റെ വളരെ വലിയ സമ്പ്രദായമായിരുന്നു. ജമാഅത്തിന്റെ പരിപാടികൾ നടക്കുന്ന അവസരങ്ങളിൽ അതിഥികളെ തന്റെ വീട്ടിൽ പാർപ്പിക്കാനുള്ള സൗകര്യമൊരുക്കും. എയർപോർട്ടിൽ നിന്ന് അതിഥികളെ കൊണ്ടുവരികയും കൊണ്ടു വിടുകയും ചെയ്യും. ദരിദ്രരേയും ആവശ്യക്കാരേയും അകമഴിഞ്ഞ് സഹായിക്കുമായിരുന്നു. തന്റെ വകുപ്പിനു പുറമെ സാഹിത്യ രചനയിലും ശഹീദിന് താൽപര്യമുണ്ടായിരുന്നു. നല്ലൊരു കവിയുമായിരുന്നു. അദ്ദേഹത്തിന്റെ കവിതാസമാഹാരം 'ബർഗെ ഖയാൽ'എന്ന പേരിൽ പ്രസിദ്ധീകരണ ഘട്ടത്തിലാണുള്ളത്. ഇപ്രകാരം തന്നെ കൈയക്ഷരകലയിലും (Calligraphy) മികവ് കാട്ടിയിരുന്നു. അദ്ദേഹത്തിന് ഖിലാഫത്തിനോട് അഗാധമായ സ്നേഹത്തിന്റേയും ആത്മാർഥതയുടേയും ബന്ധമായിരുന്നു. ഏതു ആഹ്വാനത്തിനും ഉടൻ ലബ്ബൈക് പറയും. അത്യുത്സാഹത്തോടെ ചന്ദ നല്കിയിരുന്നു. കൊളംമ്പസ്സിലെ പള്ളി നിർമാണത്തിന് വൻതുകയാണ് നല്കിയത്. അതിനെ മോടി പിടിപ്പിക്കുന്നതിനും ഭംഗിയാക്കുന്നതിനുമുള്ള ജോലിയും ചെയ്തു. ഇതുപോലെതന്നെ തന്റെ പൈതൃകമഹല്ലായ റബ്വയുടെ പടിഞ്ഞാറു വശത്തുള്ള 'ദാറുർറഹ്മത്ത്' പള്ളിയ്ക്കു വേണ്ടിയും വലിയ തുക നല്കുകയുണ്ടായി. താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടിയും സംഭാവനകൾ നല്കുന്നതിൽ മുൻപന്തിയിലായിരുന്നു. ദഅ്വത്തെ ഇലല്ലാഹ് ചെയ്യുന്നതിൽ അദ്ദേഹത്തിന് ഒരു ഭ്രമമായിരുന്നു. ദീനീപരമായ വായനയും ദൈവാനുഗ്രഹത്താൽ മതിയാവോളമുണ്ടായിരുന്നു. യൂട്യൂബിൽ അനഹ്മദികൾക്കും ആക്ഷേപകർക്കും ഫലപ്രദമായ മറുപടി നല്കുന്നതിൽ വ്യാപൃതനായിരുന്നു. അദ്ദേഹത്തിന്റെ ബന്ധുക്കളിൽ ഭാര്യ, മുഹ്ത്തരമ വജീഹ മഹ്ദീയും മൂന്നു ആൺമക്കളുമുണ്ട്. അസീസം അബ്ദുല്ലാഹ് അലി 15 വയസ്സ്, അസീസം ഹാശിം അലി 7 വയസ്സ്, അസീസം അശ്റഫ് അലി 3 വയസ്സ്. അദ്ദേഹത്തിന്റെ മേൽ നിറയൊഴിക്കുന്ന സമയത്ത് ഈ ചെറിയ കുട്ടി ഒപ്പമുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ കവിതയെ കുറിച്ച് ഞാൻ പറഞ്ഞിരുന്നു. 2014 മാർച്ച് 28 ന് അദ്ദേഹം അവസാനമായി രചിച്ച കവിതയിലെ രണ്ടുമൂന്നു വരികൾ ഇങ്ങനെയാണ്.

മൃത്യുവിൻ മുമ്പിൽ നാം പറയും
ജീവിതം കരസ്ഥമാക്കാനുള്ള കാര്യങ്ങൾ
തുടച്ചുമാറ്റാൻ വല്ല അവകാശമുണ്ടോ യസീദിന്
ഇബ്നുബുത്തൂലിൻ കാര്യങ്ങൾ
സർവം നശിച്ചുപോകും-എന്നാൽ,
ബാക്കിയാകും അല്ലാഹ് റസൂലിന്റെ കാര്യങ്ങൾ

അദ്ദേഹം മുമ്പേയെഴുതിയ കവിതയിലെ ഒരു വരി:

നിൻവഴിയിൽ ഇതുമാത്രമാണെൻ പ്രാർഥന
ഹാ! ഉപകരിച്ചിരുന്നെങ്കിൽ എന്തിനെങ്കിലും എൻ നിണം.

'നൂറെ ഇസ്തിഖിലാഫ്' എന്ന പേരിലെഴുതിയ ഒരു കവിതയിൽ പറയുന്നു:

ജീവിതത്തിൻ പഴച്ചാറ് കുടിപ്പിച്ചു
കാരുണ്യത്തിൻ അവകാശി
ദാസൻ തന്റെ ഖിലാഫത്തിൽനിന്ന് ജീവിതപാരമ്പര്യവും
അസൂയയുണ്ട് ഇസ്തിഖിലാഫിന്റെ വചനത്തിൻ
വെൺമയിൽ ആദിത്യനും പാൽനിലാവനും
ഇബ്‌ലീസിന്റെ ശിങ്കിടികളിൻ മേലാണ്
ജീവിതാസ്തമയത്തിൻ അന്ധകാരം

ഹാദീ അലി സാഹിബ് നമ്മുടെ മുബല്ലിഗാണ്. അദ്ദേഹം ദീർഘകാലം ഇവിടേയുമുണ്ടായിരുന്നു.

ഡോക്ടർ സാഹിബ് അദ്ദേഹത്തിന്റെ ഇളയ സഹോദരനാണ്. ഹാദീ അലി സാഹിബ് പറയുന്നു: 'അസാധാരണ മനുഷ്യനായിരുന്നു ഞങ്ങളുടെ സഹോദരൻ. അദ്ദേഹത്തിന്റെ വിയോഗം മുഴുവൻ കുടുംബത്തിനും വളരെ വലിയ ആഘാതമാണ് ഏല്പിച്ചിട്ടുള്ളത്. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹമൊന്നു കൊണ്ടുമാത്രം ഞങ്ങളുടെ കുടുംബം അല്ലാഹുവിന്റെ തൃപ്തിയിൽ സത്യഹൃദയത്തോടെ തൃപ്തരും ക്ഷമിക്കുന്നവരും നന്ദി കാണിക്കുന്നവരുമാണ്. മഹ്ദിഅലിയുടെ ഈമെയ്ലുകളിൽ **ഖൂലൂ ലിന്നാസി ഹസ്നാ** പോലുള്ള വാക്യങ്ങൾ ജനങ്ങളെ ഉണർത്തുന്നതിനായി എഴുതിയിട്ടുണ്ടായിരുന്നു.' അദ്ദേഹത്തിന്റെ സഹോദരി പറയുന്നു: 'കുട്ടിക്കാലം മുതലേ ഏറെ ഇഷ്ടപ്പെട്ട വ്യവസ്ഥാപരവും ആദരണീയസ്വഭാവത്തിന്റേയും ഉടമയായിരുന്നു. അനാവശ്യകാര്യങ്ങളിൽ എപ്പോഴും അകലം പാലിക്കും. അത്യുത്സാഹത്തോടും കൃത്യതയോടും നമസ്കാരം അനുഷ്ഠിക്കും. കുട്ടിക്കാലം മുതലേ ഉപസംഘടനയിലെ സജീവാംഗമായിരുന്നു. കുട്ടികളുടെ സംഘടനയിലായിരുന്നപ്പോൾ **'സ്വല്ലീ അലാ'** ചൊല്ലിക്കൊണ്ട് ആളുകളെ സുബ്ഹി നമസ്കാരത്തിന് ഉണർത്തുമായിരുന്നു. കുട്ടിക്കാലം മുതൽ തന്നെ വായനയോട് താൽപര്യമായിരുന്നു.ജമാഅത്തുപരമായ ഗ്രന്ഥങ്ങളുടെ വായന ചെറിയ പ്രായത്തിൽ തന്നെ തുടങ്ങിയിരുന്നു.'

ഖിലാഫത്തിനോട് ഒരു ആസക്തപരമായ സ്നേഹമായിരുന്നു. 2012-ൽ അമേരിക്കൻ പര്യടനവേളയിൽ ഞാൻ കൊളംബസ്സിൽ പോയപ്പോൾ അദ്ദേഹം രാത്രി മുഴുവൻ ഉറക്കമിളച്ച് പള്ളി അലങ്കരിക്കുക, ബാനറുകൾ എഴുതുക തുടങ്ങിയ ജോലികൾ ചെയ്തുകൊണ്ടിരുന്നു. ധാരാളം ബാനറുകൾ കെട്ടി. അദ്ദേഹത്തിന്റെ സഹോദരനും കൂടെയുണ്ടായിരുന്നു. രാത്രി മുഴുവൻ മസ്ജിദിൽ ജോലി ചെയ്തതിനുശേഷം രാവിലെ തന്റെ ആശുപത്രിയിലെ ഡ്യൂട്ടിയും അദ്ദേഹം നിറവേറ്റി. മസ്ജിദ് ഒരുക്കുന്നതിനു വേണ്ടി വന്ന ചെലവുകളെല്ലാം സ്വന്തം പോക്കറ്റിൽനിന്നാണ് കൊടുത്തിരുന്നത്. മസ്ജിദിൽ പണിയെടുക്കുമ്പോൾ താൻ ഇത്ര വലിയ ഡോക്ടറാണെന്ന ചിന്തയൊന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അങ്ങേയറ്റം ലാളിത്യത്തോടെ തന്റെ സേവനം ചെയ്തുകൊണ്ടിരുന്നു. സാമ്പത്തിക ത്യാഗത്തിൽ ഒന്നാം നിരയിൽപ്പെട്ട വ്യക്തിയായിരുന്നു.

ഡോക്ടർ മുബശ്ശിർ സാഹിബ് സുൽതാൻ മുബശ്ശിർ സാഹിബ് എഴുതുന്നു:'സാധുക്കളെ ഒരുപാട് ശ്രദ്ധിക്കാറുണ്ടായിരുന്നു. കഴിഞ്ഞ വർഷം വന്നപ്പോൾ ബാങ്ക് അക്കൗണ്ട് തുറന്നിട്ട് എന്നോടു പറഞ്ഞു, 'ഞാൻ ഇവിടെ പണം നിക്ഷേപിച്ചിട്ടുണ്ട്. അതുകൊണ്ട് ആവശ്യക്കാരെ സഹായിക്കുക. ഒരു ദിവസം ഫോൺ വന്നു, 'ഇന്നയാൾ മുമ്പേ ജമാഅത്തിന്റെ ഉദ്യോഗസ്ഥനായിരുന്നു, ഇപ്പോൾ അദ്ദേഹം ജോലിക്കാരനല്ല. അദ്ദേഹത്തിന് പണത്തിന്റെ ആവശ്യമുണ്ട്. വീട് നിർമാണത്തിലാണ്. അദ്ദേഹത്തിന് ഒരു ലക്ഷം രൂപ നല്കുക.' ഇങ്ങനേയും പറഞ്ഞു, 'വിദ്യാർഥികളാരെങ്കിലും മെഡിക്കൽ കോളേജിൽ പഠിക്കാൻ ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ ആ കുട്ടിയ്ക്കുള്ള ചെലവ് മുഴുവൻ ഞാൻ വഹിക്കുന്നതാണ്.'

ഡോക്ടർ സാഹിബിന്റെ ഒരു സുഹൃത്തായ ഹാഫിള് അബ്ദുൽ ഖുദ്ദൂസ് സാഹിബ് പറഞ്ഞു, 'ഡോക്ടർ സാഹിബ് ഫള്ലെ ഉമർ ആശുപത്രിയിലായിരുന്നു. ഒരു ദിവസം ഉച്ചയ്ക്ക് അദ്ദേഹത്തിന്റെ വീട്ടിൽച്ചെന്നു. പറഞ്ഞു, ആരോരുമില്ലാത്ത ഒരു രോഗിയുണ്ട്. അയാൾക്ക് രക്തം വേണം. ഞാൻ ഒരു കുപ്പി കൊടുത്തു. ഒരു കുപ്പി താങ്കളും കൊടുക്കുക.'

താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി സാധനങ്ങളും മറ്റും അയച്ചുകൊണ്ടിരുന്നു. ഓപ്പറേഷനു വേണ്ടിയുള്ള സ്റ്റാന്റ് തുടങ്ങിയവ. ആശുപത്രിയ്ക്കുവേണ്ടി സേവനം ചെയ്യുന്നതിൽ തനിക്ക് അഭിമാനമുണ്ടെന്ന് പറയുമായിരുന്നു. ജമാഅത്തിന് ഭാരമാകാതിരിക്കാൻ റബ്വയിൽ വീടുണ്ടാക്കണമെന്ന ആഗ്രഹവും ഉണ്ടായിരുന്നു. കുട്ടികളുടെ ശിക്ഷണകാര്യത്തിലും അദ്ദേഹം തൃപ്തനായിരുന്നു. അമേരിക്കയിൽ വസിക്കുന്ന ആളായിട്ടും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല ശിക്ഷണമാണ് നടന്നു വരുന്നത്. കാരണം വ്യക്തിപരമായ നിലയിൽ സ്വയം ശ്രദ്ധിക്കാറുണ്ടിരുന്നു.

അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് പറയുന്നു,'പ്രിയപ്പെട്ട മൂത്ത സഹോദരനെപ്പോലുള്ള ബന്ധമായിരുന്നു ഞങ്ങളുടേത്. ഈ വർഷം ശനിയാഴ്ച രാത്രിയിൽ റബ്വയിൽ എത്തിയപ്പോൾ പെട്ടെന്ന് വരാൻ പറഞ്ഞു. രാത്രി പത്തുമണിയായിരുന്നു. വിശ്രമിക്കാൻ ഞാൻ പറഞ്ഞു. എന്നാൽ, അദ്ദേഹം പറഞ്ഞു, ഇല്ല. ഉടനെ വരണം. അങ്ങനെ പരസ്പരം കണ്ടു. വളരെ സ്നേഹത്തോടെ ഒരു പുതിയ സ്റ്റെതസ്കോപ്പ് എനിക്കു തന്നു. അത് പ്രത്യേകമായി കൊണ്ടു വന്നതായിരുന്നു. പിന്നീട് നമസ്കാരത്തെ സംബന്ധിച്ച് ഖിബ്ല എങ്ങോട്ടാണ് എന്നൊക്കെ ചോദിച്ചു. പതിനൊന്നര മണിവരെ സംസാരിച്ചിരുന്നു. ഞാൻ പതിനൊന്നേകാൽ മണിക്ക് എഴുന്നേറ്റു പോന്നു. ഖുദാ ഹാഫിള് പറഞ്ഞ് യാത്രയാക്കി. കുറച്ചുമണിക്കൂറുകൾക്കുശേഷം രാവിലെ ബിഹിശ്തി മഖ്ബറയിൽ പോയി. അവിടെ ശഹാദത്തിന്റെ മധുരപാനീയം കുടിച്ചു.

ഡാൺ പത്രത്തിന്റെ വെബ്സൈറ്റിൽ ഡോക്ടർ സാഹിബിന്റെ ശഹാദത്തിനെ തുടർന്ന് അഹ്മദിയ്യ ജമാഅത്തിന്നെതിരെയുള്ള എതിർപ്പിന്റെ പശ്ചാത്തലം വിവരിച്ചുകൊണ്ട് ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'ഡോക്ടർ മഹ്ദീ അലീ ഖമർ സാഹിബ് ഒരു സാധാരണ ഡോക്ടർ ആയിരുന്നില്ല. അദ്ദേഹം അമേരിക്കൻ കോളേജ് ഓഫ് കാർഡിയോളജിയിൽ നിന്ന് യംഗ് ഇൻവെസ്റ്റിഗേറ്ററിന്റെ അവാർഡ് കരസ്ഥമാക്കിയ വ്യക്തിയാണ്. 2003 ലും നാലിലും അമേരിക്കയിലെ ഉന്നതരായ ഫിസിഷന്മാരിൽ അദ്ദേഹം എണ്ണപ്പെട്ടു. അതിനു പുറമെ 2005, 2006, 2007 തുടർച്ചയായി മൂന്നു വർഷംവരേയും 2009, 2010. 2011, 2012 ൽ തുടർച്ചയായി നാലു വർഷം വരേയും അമേരിക്കയിലെ ഉന്നതരായ കാർഡിയോളജിസ്റ്റുകളിൽ അദ്ദേഹം എണ്ണപ്പെട്ടു. ഇപ്രകാരംതന്നെ അദ്ദേഹത്തിന് അമേരിക്കൻ മെഡിക്കൽ അസോസിയേഷനിൽനിന്ന് ഫിസിഷൻ റെഗഗനേഷന്റേയും അവാർഡ് ലഭിച്ചു. പിന്നീട് പത്രപ്രവർത്തകൻ എഴുതുന്നു: ഞാൻ ഇന്റർനെറ്റിൽ മഹ്ദീ സാഹിബിന്റെ ഒരു പ്രൊഫൈലിൽ മന്ദസ്മിതവദനനായിട്ടുള്ള അദ്ദേഹത്തിന്റെ ഒരു ഫോട്ടോ കണ്ടു. അതിനോടൊപ്പം അദ്ദേഹമെഴുതിയ ഈ വാക്കുകളുമുണ്ടായിരുന്നു: 'ഞാനുമായി ബന്ധപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ പുരോഗതിയ്ക്ക് സഹായിയായിത്തീരുന്നതിനുവേണ്ടി തൊഴിലുപരമായ ഏറ്റവും ഉന്നത നിലവാരത്തെ നിലനിറുത്തിക്കൊണ്ട് രോഗി

യ്ക്ക് ഉത്തമമായ ശുശ്രൂഷ നല്കുന്നതിൽ ദൃഢമായും വിശ്വസിക്കുന്നു. തൊഴിലുപരമായ ചുമതലകളെ സത്യസന്ധമായും വിശ്വസ്തതയോടേയും നിറവേറ്റുന്നതിന് ഞാൻ മുൻഗണന നല്കുന്നു.'തീർച്ചയായും സത്യസന്ധവും വിശ്വസ്തതയോടുകൂടി അദ്ദേഹം തന്റെ കടമ നിറവേറ്റി.'

അവസാനം എഴുതുന്നയാൾ എഴുതി: 'ഡോക്ടർ മഹ്ദീ അലീ ഖമർ! ഞാൻ ഖേദിക്കുന്നു. താങ്കളെ രക്ഷിക്കാൻ എനിക്കു കഴിഞ്ഞില്ല. പക്ഷേ, ഞാൻ ഈ അക്രമത്തിന്നെതിരെ ശബ്ദമുയർത്തിയിരുക്കുന്നു. എന്റെ ശബ്ദം കേൾക്കപ്പെടാത്ത നിലയിൽ നാളെ മരിക്കാതിരിക്കാൻ ഞാൻ എന്റെ സമാധാനം അപകടത്തിൽ അകപ്പെടുത്തിയിരിക്കുന്നു.'

പാക്കിസ്ഥാൻ, അമേരിക്ക, ബ്രിട്ടൻ, കാനഡ തുടങ്ങി ലോകത്തിലെ നിരവധി പത്രങ്ങൾ അങ്ങേയറ്റം മൃഗീയമായ ഈ കൊലപാതകത്തേയും മനുഷ്യത്വരഹിതമായ പ്രവർത്തിയേയും ശക്തമായി അപലപിക്കുകയുണ്ടായി. വാർത്തകൾ പ്രസിദ്ധീകരിച്ച ആ പത്രങ്ങളുടെ എണ്ണം ഇതുവരെ മുപ്പതിലധികമാണ്. ഈ എല്ലാ പത്രങ്ങളിലും ഡോക്ടർ മഹ്ദീ അലീ ഖമർ സാഹിബ് ശഹീദിന്റെ മൃഗീയമായ കൊലപാതകത്തെ അപലപിച്ചതിനോടൊപ്പം അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്തുകയും കഴിഞ്ഞ നിരവധി ദശകങ്ങളായി നടന്നു വരുന്ന ബലാൽക്കാരത്തിന്റേയും അക്രമത്തിന്റേയും വിശദീകരണവും കാണാം. ഈ എല്ലാ പത്രങ്ങളും അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പേരും പ്രവാചകത്വ വാദവും മസീഹ് വാദവും എടുത്തുപറഞ്ഞുകൊണ്ട് ഇതൊരു സമാധാനകാംക്ഷികളുടെ ജമാഅത്താണെന്നും ജിഹാദിന്റെ പേരിൽ അക്രമിക്കപ്പെട്ടവരെ കൊല്ലുന്ന നടപടിയെ അപലപിക്കുന്നവരാണെന്നും പറഞ്ഞിരിക്കുന്നു. ഇതുപോലെതന്നെ ചില പത്രങ്ങൾ ജമാഅത്തിന്റെ കാരുണ്യ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഇദ്ദേഹം ജീവൻ ബലിയർപിച്ചും പ്രബോധനത്തിന്റെ പുതിയ പുതിയ വഴികൾ തുറക്കുകയാണ് ചെയ്തിട്ടുള്ളത്. അങ്ങനെ ലോകത്തിന് ജമാഅത്തിനെ പരിചയപ്പെടുത്തി.

ലോകത്തിലെ പ്രസിദ്ധമായ അമേരിക്കൻ പത്രമാണ് 'വാൾ സ്ട്രീറ്റ് ജേണൽ.' ലോകത്ത് പല സ്ഥലത്തുനിന്നും ഇത് പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിന്റെ ലേഖകൻ ശഹാദത്തിന്റെ സംഭവവും അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്തുകയും ജമാഅത്തിന്നെതിരെ നടന്നുവരുന്ന അക്രമങ്ങളും വിവരിച്ചതിനുശേഷം ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ 'കമ്മീഷൻ ഓഫ് പാക്കിസ്ഥാന്റെ ചെയർപേഴ്സൻ സാഹിബാ'യുടെ അപഗ്രഥനം നല്കിയിരുക്കുന്നു. അതായത് പാക്കിസ്ഥാനിൽ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങളും അക്രമങ്ങൾക്ക് ഇരയാകുന്നുണ്ടെന്നത് ശരിയാണ്. എന്നാൽ, അഹ്മദിയ്യ ജമാഅത്ത് കഠിനതരമായ അക്രമങ്ങൾക്ക് ഇരയാണ്. പാക്കിസ്ഥാനിലെ നിരവധി പ്രാദേശിക പത്രങ്ങൾ അഹ്മദികൾക്കെതിരെ പ്രകോപനപരമായ വാർത്തകൾ പ്രസിദ്ധീകരിച്ചു വരുന്നു. ക്രൈസ്തവ മതത്തിന്നെതിരെ അക്രമപരമായ എന്തെങ്കിലും സംഭവമുണ്ടായാൽ രാജ്യത്തിന്റെ പ്രധാനമന്ത്രി സ്വയം ഖേദം പ്രകടിപ്പിക്കുകയും അക്രമത്തിന്നിരയായവരെ കാണാൻ പോകുകയും ചെയ്യുന്നു. എന്നാൽ, അഹ്മദികൾക്കനുകൂലമായി എഴുന്നേറ്റു നില്ക്കാൻ ആരുമില്ല.

ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് പറഞ്ഞു: 'അഹ്മദികൾക്കുവേണ്ടി അല്ലാഹു എഴുന്നേറ്റു നില്ക്കുന്നു. ഇനിയും എഴുന്നേറ്റു നില്ക്കുന്നതാണ്.' ലേഖകൻ ശഹീദിന്റെ ഒരു സുഹൃത്ത്, ശൻതാനോ സിൻഹായുമായുള്ള അഭിമുഖവും പ്രസിദ്ധീകരിക്കുകയുണ്ടായി. ഡോക്ടർ സിൻഹാ ശഹീദിനെ സംബന്ധിച്ച് പറഞ്ഞു, 'ഞാൻ എന്റെ ജീവിതത്തിൽ അദ്ദേഹത്തെക്കാളധികം വിശ്വസ്തനും സൽസ്വഭാവിയുമായ ഒരു വ്യക്തിയേയും കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ ശരീരത്തിൽ ഉഗ്രവാദത്തിന്റെ ഒരു തരിപോലും ഉണ്ടായിരുന്നില്ല. ഒരുപാട് സൃഷ്ടിസേവനം ചെയ്യുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ഇങ്ങനെയുള്ള സംഭവങ്ങൾ തനിക്കു നേരേയും ഉണ്ടാകാമെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. എന്നിട്ടും സൃഷ്ടിസേവനത്തിനായി പാക്കിസ്ഥാനിൽ പോയി. ഞാനാഗ്രഹിക്കുന്നത് മനുഷ്യരുടെ സേവനത്തിനായി പോയ അങ്ങേയറ്റം സൽസ്വഭാവിയായ ഒരു മനുഷ്യൻ എങ്ങനെ മൃഗീയമായ നിലയിൽ വധിക്കപ്പെട്ടു എന്ന് ജനങ്ങൾ മനസ്സിലാക്കണമെന്നാണ്.'

എന്തായാലും ഈ ശഹീദ് തന്റെ ജീവിതത്തിലും വിജയങ്ങൾ കണ്ടുകൊണ്ടിരിക്കുകയും ദൈവസൃഷ്ടികൾക്ക് സേവനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. അല്ലാഹുവിന്റെ പക്കൽ അനശ്വര ജീവിതം ലഭിക്കുന്ന മരണവും വരിച്ചു. അല്ലാഹു നമ്മുടെ ഈ പ്രിയപ്പെട്ട സഹോദരന് സ്വർഗത്തിൽ ഉന്നത പദവി നല്കുമാറാകട്ടെ. ഓരോ നിമിഷവും അദ്ദേഹത്തിന്റെ പദവി ഉയർന്നുകൊണ്ടിരിക്കുമാറാകട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ പാദത്തിങ്കൽ ഇടം നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യാമക്കളേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. ഡോക്ടർ സാഹിബ് ശഹീദിന്റെ എല്ലാ സദുദ്ദേശ്യങ്ങളും അദ്ദേഹം തന്റെ മക്കൾക്കുവേണ്ടി ചെയ്തിട്ടുള്ള എല്ലാ പ്രാർഥനകളും സ്വീകരിക്കുമാറാകട്ടെ. ഞാൻ പറഞ്ഞു വന്നതുപോലെ നമ്മുടെ പുരോഗതിയ്ക്കും ശത്രുക്കളെ പരാജയപ്പെടുത്തുന്നതിനും നമ്മുടെ പക്കലുള്ള ഏറ്റവും വലിയ ആയുധം ദുആ മാത്രമാണ്. പക്ഷേ, അല്ലാഹു കുറച്ചു ബാഹ്യമായ കാര്യങ്ങളും ശ്രദ്ധിക്കാൻ പറഞ്ഞിട്ടുണ്ട്. അതും കഴിയുന്നിടത്തോളം ഒപ്പത്തിനൊപ്പം ഉണ്ടാവേണ്ടതാണ്. അതുകൊണ്ട് റബ്വയിലെ സംഘാടകർക്കും ഈ സംഭവത്തിനു ശേഷം മുമ്പത്തെക്കാളധികം ജാഗ്രത പാലിക്കേണ്ട ആവശ്യമുണ്ട്. നിങ്ങളുടെ ഉപായങ്ങളേയും മാർഗങ്ങളേയും പാരമ്യതയിലെത്തിക്കുക. എന്നിട്ട് കാര്യങ്ങൾ അല്ലാഹുവിന് വിടുക. ഓരോ റബ്വവാസിയും ജാഗ്രത പാലിക്കേണ്ട ആവശ്യമുണ്ട്. ഈ പ്രിയപ്പെട്ട ശഹീദ് റബ്വയുടെ മണ്ണിൽ തന്റെ ചോരയൊഴുക്കിക്കൊണ്ട് ദുആകളിലേക്കും ഉപായങ്ങളിലേക്കും നമ്മുടെ ശ്രദ്ധ തിരിച്ചു വിട്ടിരിക്കുന്നു. അതുകൊണ്ട് ഇക്കാര്യത്തിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ലോകത്തെ മറ്റു അഹ്മദികളും പാക്കിസ്ഥാനിലെ അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യുക. കാരണം അവർ ഇപ്പോൾ അങ്ങേയറ്റം അസഹ്യമായ പരിതഃസ്ഥിതിയിലാണ് ജീവിക്കുന്നത്. ഈ അവസ്ഥകൾ ഇപ്പോൾ കടുപ്പമായിക്കൊണ്ടു പോകുകയാണ്. അല്ലാഹു നമുക്ക് അതിന് തൗഫീഖും നല്കുമാറാകട്ടെ. ഇപ്പോൾ

രാജ്യം മുഴുവനും അക്രമങ്ങളുടെ വൃത്താന്തമായി കഴിഞ്ഞിരിക്കുന്നു. കുറച്ചു ദിവസം മുമ്പേ ഹൈക്കോർട്ടിനുള്ളിൽ ഒരു സ്ത്രീയെ കല്ലെറിഞ്ഞ് കൊന്നു. നിത്യവും അവിടെ കൊലയും കൊള്ളയും നടന്നുവരികയാണ്. പാക്കിസ്ഥാനിൽ നടക്കുന്ന ഓരോ അക്രമവും അല്ലാഹുവിന്റേയും മനുഷ്യോപകാരിയായ റസൂലിന്റേയും പേരിലാണ് നടക്കുന്നത്. മുഴു ലോകത്തിനും കാരുണ്യമായ റസൂലിന്റെ പേരിലാണ് നടക്കുന്നത്. ഇക്കാര്യങ്ങൾ നമ്മുടെ ഹൃദയത്തെ മുറിവേൽപിക്കുന്നു. ഇനി ഇക്കൂട്ടർക്ക് അക്രമം ചെയ്തേപറ്റൂ എന്നാണെങ്കിൽ കുറഞ്ഞപക്ഷം അല്ലാഹുവിന്റേയും റസൂലിന്റേയും പേരിൽ ചെയ്യാതിരിക്കുക. മനുഷ്യോപകാരിയും ലോകത്തിന് കാരുണ്യവുമായ റസൂലിന്റെ പേരിൽ ചെയ്യാതിരിക്കുക. ഇസ്‌ലാമിന് ദുഷ്പേര് ഉണ്ടാക്കരുത്. പക്ഷേ, ഇക്കാര്യങ്ങൾ അവർക്ക് മനസ്സിലാകുന്നില്ല. എങ്ങോട്ടാണ് പോകുന്നതെന്നും ഇവരറിയുന്നില്ല. അല്ലാഹുവിന്റെ വിധി വീശിയടിക്കുമ്പോൾ - اِنْ شَآءَاللّٰهُ അത് വീശിയടിക്കുക തന്നെചെയ്യും - അവരുടെ പേര് എന്നല്ല അടയാളംപോലും ലോകത്തുണ്ടാകുകയില്ല. ഈ അക്രമം പ്രവർത്തിക്കുന്നവരും അവശേഷിക്കുകയില്ല. ഇവരുടെ പിന്നിൽ പ്രവർത്തിക്കുന്നവരും ബാക്കിയാകുകയില്ല. അതുകൊണ്ട് നാം ദുആ ചെയ്യേണ്ടതാണ്. അല്ലാഹു സാധാരണജനങ്ങളെ ഉലമാക്കളുടെ പിടിത്തത്തിൽനിന്ന് പുറത്തുകൊണ്ടുവരുമാറാകട്ടെ. അവർ യാഥാർഥ്യം മനസ്സിലാക്കുന്നവരായിത്തീരട്ടെ. കാലത്തിന്റെ ഇമാമിനെ തിരിച്ചറിയുന്നവരായിമാറട്ടെ. ജുമുഅ നമസ്കാരത്തിനു ശേഷം اِنْ شَآءَاللّٰهُ ശഹീദ് മർഹൂംമിന്റെ 'ജനാസ ഗായിബ്' നമസ്കരിക്കുന്നതാണ്.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Masjid Baithul Futhuh,London – on 30.05.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To